**<u>ലേബർ കമ്മീഷണറുടെ നടപടിക്രമം</u>**
<u>(സാന്നിധ്യം : നവ്ജ്യോത് ഖോസ, ഐ.എ.എസ്)</u>

വിഷയം:- തൊഴിൽ വകുപ്പ് - കണ്ണൂർ ജില്ല - എം.57 മട്ടന്നൂർ നഗരസഭ- പൊതു തെരഞ്ഞെടുപ്പ് - 2022 ഓഗസ്റ്റ് 20 - വോട്ടെടുപ്പ് നടക്കുന്ന ദിവസം സ്വകാര്യ സ്ഥാപനങ്ങൾ/ഐ.ടി മേഖല, പ്ലാന്റേഷൻ മേഖല എന്നിവിടങ്ങളിലെ ജീവനക്കാർക്ക് വേതനത്തോടുകൂടിയ അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന :- ചീഫ് ഇലക്ടറൽ ഓഫീസറുടെ 10/08/2022-ലെ ബി3/53/2022/സം.തി.ക നമ്പർ കത്ത്.

ഉത്തരവ് നമ്പർ എൽ.സി.ഒ/5623/2022/ഇ.എൻ(2) **തീയതി:17/08/2022**

================================================================

കണ്ണൂർ ജില്ല - എം.57 മട്ടന്നൂർ നഗരസഭ- പൊതു തെരഞ്ഞെടുപ്പ് നടക്കുന്ന 2022 ഓഗസ്റ്റ് 20 -ാം തീയതി ടി മണ്ഡലത്തിലെ സ്വകാര്യ മേഖലയിലുള്ള ഏതെങ്കിലും സ്ഥാപനത്തിലോ വാണിജ്യ സ്ഥാപനത്തിലോ വ്യവസായ സ്ഥാപനത്തിലോ വ്യാപാര സ്ഥാപനത്തിലോ മറ്റ് ഏതെങ്കിലും സ്ഥാപനത്തിലോ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതും മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് അർഹതയുള്ളതുമായ ആളുകൾക്ക് വോട്ട് രേഖപ്പെടുത്തുന്നതിന് വേതനത്തോടു കൂടിയുള്ള അവധി നൽകണമെന്നും എന്നാൽ അപ്രകാരം ഒരാളിന് അവധി അനുവദിക്കുന്നതിന് അയാൾ ഏർപ്പെട്ടിരിക്കുന്ന തൊഴിലിന് ആപത്ക്കരമോ സാരവത്തായ നഷ്ടമോ ഇടവരുന്നുണ്ടെങ്കിൽ അയാൾക്ക് വോട്ട് രേഖപ്പെടുത്തുന്നതിന് പ്രത്യേക അനുമതി നൽകണമെന്നും ഇതിനാൽ ഉത്തരവാകുന്നു.

സ്വന്തം ജില്ലയ്ക്ക് പുറത്ത് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന മട്ടന്നൂർ നഗരസഭയിലെ വോട്ടർമാർക്ക് ബന്ധപ്പെട്ട വോട്ടെടുപ്പ് ദിവസം ജില്ലയിലെ പോളിംഗ് സ്റ്റേഷനിൽ പോയി വോട്ട് ചെയ്യുന്നതിന് തൊഴിലുടമ പ്രത്യേക അനുമതി നൽകണമെന്നും ഉത്തരവാകുന്നു.

മേൽ ഉത്തരവ് ഐ.ടി മേഖല, പ്ലാന്റേഷൻ മേഖല എന്നിവ ഉൾപ്പെടെയുള്ള എല്ലാ സ്വകാര്യ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കുന്നതാണ്. കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കണ്ണൂർ ജില്ലാ ലേബർ ഓഫീസർ(ഇ) എന്നിവർ മേൽ ഉത്തരവ് നടപ്പിലാക്കാൻ വേണ്ട ക്രമീകരണം ചെയ്യേണ്ടതാണ്.

(ഒപ്പ്)
ലേബർ കമ്മീഷണർ

1. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ, കോഴിക്കോട്
2. ജില്ലാ ലേബർ ഓഫീസർ(ഇ), കണ്ണൂർ

പകർപ്പ് :

1. ലേബർ കമ്മീഷണറുടെ പി.എ
2. അഡീഷണൽ ലേബർ കമ്മീഷണർ (ഇ)-യുടെ സി.എ
3. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
4. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
5. എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും
(ജില്ലാ ലേബർ ഓഫീസർമാർ മുഖേന)
6. ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട് (ഇ.എൻ)

ബി.എസ്